**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 40** **05-10-2021 - ൽ മറുപടിയ്ക്ക്**

**കരുവന്നൂർ സഹകരണ ബാങ്കിലെ സാമ്പത്തിക ക്രമക്കേട്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ . ഐ .സി .ബാലകൃഷ്ണൻ ,<br>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ ,<br>ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ,<br>ശ്രീ. ടി. ജെ. വിനോദ് | | Shri. V. N. Vasavan<br>(സഹകരണ- രജിസ്ട്രേഷൻ വകുപ്പ് മന്ത്രി) | |
| (എ) | കരുവന്നൂർ സർവ്വീസ് സഹകരണ ബാങ്കിൽ നടന്ന സാമ്പത്തിക ക്രമക്കേട് സംബന്ധിച്ച വകുപ്പുതല അന്വേഷണത്തിന്റെ പുരോഗതി വെളിപ്പെടുത്താമോ; | (എ) | കരുവന്നൂർ സർവീസ് സഹകരണ ബാങ്കിലെ സാമ്പത്തിക ക്രമക്കേട് സംബന്ധിച്ച് സഹകരണ നിയമം വകുപ്പ് 65 പ്രകാരമുള്ള അന്വേഷണം നടത്തി റിപ്പോർട്ട് ലഭ്യമാക്കിയതിന്റെ അടിസ്ഥാന ത്തിൽ നിയമാനുസൃത തുടർ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. 22/07/2021 ന് ഭരണസമിതിയെ സഹകരണ നിയമം വകുപ്പ് 32 പ്രകാരം നീക്കം ചെയ്തിട്ടുണ്ട്. സർചാർജ്ജ് നടപടികളുടെ ഭാഗമായി സഹകരണ നിയമം വകുപ്പ് 68 (1) പ്രകാരം അന്വേഷണം നടത്തുന്നതിനായി 06/07/2021 തീയതിയിൽ ഉത്തരവായിട്ടുണ്ട്. 24/07/2021 ലെ സ.ഉ.(സാധാ) നം.451/2021/സഹ നമ്പർ ഉത്തരവിൻ പ്രകാരം ടി ബാങ്കിലെ ക്രമക്കേടുകളുമായി ബന്ധപ്പെട്ട് സൂക്ഷ്മപരിശോധന നടത്തുന്ന തിനും കൃത്യസമയത്ത് ക്രമക്കേടുകൾ കണ്ടെത്തുന്നതിൽ വകുപ്പിന്റെ ഭാഗത്തെ വീഴ്ചകൾ ഉൾപ്പെടെ അന്വേഷിക്കുന്നതിനും 9 അംഗങ്ങൾ അടങ്ങുന്ന ഒരു ഉന്നതതല കമ്മിറ്റി രൂപീകരിച്ച് അന്വേഷണം നടത്തി വരുകയാണ്. പ്രസ്തുത സമിതിയുടെ ഇടക്കാല റിപ്പോർട്ടിന്റെ അടിസ്ഥാന ത്തിൽ അഴിമതി കണ്ടെത്തുന്നതിൽ വീഴ്ച വരുത്തിയതായി കണ്ടെത്തിയ സഹകരണ വകുപ്പിലെ 16 ഉദ്യോഗസ്ഥരെ സർവ്വീസിൽ നിന്നും സസ്പെൻഡ് ചെയ്തിട്ടുണ്ട്. കൂടാതെ കുറ്റാരോപിതരായ വിരമിച്ച ജീവനക്കാർക്കെതിരെ അച്ചടക്ക നടപടി ആരംഭിച്ചിട്ടുണ്ട്. ബാങ്കിലെ ക്രമക്കേടുകൾ കണ്ടെത്തുന്നതിൽ ഉദ്യോഗസ്ഥരുടെ ഭാഗത്തു നിന്നുമുള്ള വീഴ്ച സംബന്ധിച്ച് വിശദമായ അന്വേഷണം നടത്തുന്നതിന് 10/09/2021-ലെ സ.ഉ.(സാധാ)നം.549/2021/സഹ നമ്പർ ഉത്തരവ് പ്രകാരം മൂന്നംഗ കമ്മിറ്റിയും രൂപീകരിച്ചിട്ടുണ്ട്. |
| (ബി) | കരുവന്നൂർ ബാങ്ക് ക്രമക്കേടിന്റെ പശ്ചാത്തലത്തിൽ | (ബി) | സഹകരണ മേഖലയിലെ പ്രവർത്തനങ്ങൾ |

| | | | |
|---|---|---|---|
| | സഹകരണ ബാങ്കുകളുടെ കാര്യക്ഷമത വർദ്ധിപ്പിക്കാൻ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിരിക്കുന്നതെന്ന് വ്യക്തമാക്കാമോ; | | മികവുറ്റതാക്കാനും സഹകരണ നിയമത്തിൽ സഹകരണ വിജിലൻസ്, സഹകരണ ആഡിറ്റ് എന്നീ വിഷയ ങ്ങളിൽ കൂടുതൽ കർശന വ്യവസ്ഥകൾ ഉൾപ്പെടുത്തുന്നതിനും, സഹകരണ രംഗത്ത് ഉയർന്നു വരുന്ന ആശ്വാസ്യ കരമല്ലാത്ത പ്രവണതകൾ അവസാനിപ്പിക്കുന്നതിനും സംഘങ്ങളുടെ വളർച്ചയ്ക്ക് അനുയോജ്യമായ രീതിയിലും സമഗ്ര നിയമഭേദഗതി വരുത്തുന്നതിലേക്കുമായി സമഗ്ര നിയമ പരിഷ്കരണത്തിനുള്ള കരട് ബിൽ തയ്യാറാക്കുന്നതിന് 22.09.2021 ലെ സ.ഉ.(സാധാ)നം. 570/2021/ സഹ. നമ്പർ സർക്കാർ ഉത്തരവ് പ്രകാരം ശ്രീ. ജോസ് ഫിലിപ്പ് (റിട്ട. അഡീഷണൽ രജിസ്ട്രാർ), ശ്രീ.മദനചന്ദ്രൻ നായർ (റിട്ട. പ്രിൻസിപ്പാൾ, സഹകരണ പരിശീലന കേന്ദ്രം), ശ്രീ.എം.ബി. പ്രദീപ് കുമാർ (റിട്ട. അസിസ്റ്റന്റ് രജിസ്ട്രാർ) എന്നിവർ അംഗങ്ങളായും സഹകരണ സംഘം രജിസ്ട്രാർ ആഫീസിലെ നിയമ ആഫീസർ കൺവീനറായും ഒരു കമ്മിറ്റി രൂപീകരിച്ച് ഉത്തരവായിട്ടുണ്ട്. പ്രസ്തുത നിയമഭേദഗതി ഈ സമ്മേളനത്തിൽ അവതരിപ്പിക്കുന്നതിനാണ് ലക്ഷ്യമിട്ടിരിക്കുന്നത്. പ്രാഥമിക സഹകരണ സംഘങ്ങൾക്ക് ഏകീകൃത സോഫ്റ്റ്‌വെയർ നടപ്പിലാക്കുന്ന തിനും സോഫ്റ്റ്‌വെയർ തയ്യാറാക്കുന്നതിന് സഹകരണവകുപ്പ് ആരംഭിച്ചിട്ടുള്ള നടപടി കൾ പരമാവധി വേഗത്തിൽ പൂർത്തീ കരിക്കുന്നതിനുമാവശ്യമായ നടപടികൾ സ്വീകരിച്ചു വരുന്നു. വകുപ്പിലെ ഉദ്യോഗ സ്ഥർക്ക് സംഘങ്ങളിൽ ഉപയോഗിക്കുന്ന സോഫ്റ്റ്‌വെയർ സംബന്ധിച്ച് പരിശീലനം നൽകുന്നതിനും ആഡിറ്റ് കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിലേയ്ക്കുമായി സഹകരണ നിയമം, ചട്ടം, ആഡിറ്റ് മാന്വൽ എന്നിവയിൽ ആവശ്യമായ മാറ്റങ്ങൾ വരുത്തുന്നതിനും, സർക്കുലർ നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നതിനും തീരുമാനം എടുത്തിട്ടുണ്ട്. സംഘങ്ങളിൽ നിലവിലുള്ള അക്കൗണ്ടിങ് സമ്പ്രദായവും, നിലവിലുള്ള ആഡിറ്റ് നോട്ട്, ആഡിറ്റ് സർട്ടിഫിക്കറ്റ് എന്നിവയും കാലോചിതമായും, ആധുനിക അക്കൗണ്ടിംഗ് രീതികൾക്കും, കമ്പ്യൂട്ടർ അധിഷ്ഠിത അക്കൗണ്ടിങ്, ആഡിറ്റ് സമ്പ്രദായങ്ങൾക്കും അനുസരണമായി പരിഷ്കരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. സഹകരണ സംഘങ്ങളുടെ ഓഡിറ്റ് ആധുനികവത്ക്കരിക്കുന്നതിന്റെ ഭാഗമായി സഹകരണ ഓഡിറ്റ് മോണി റ്ററിംഗ് സിസ്റ്റം രൂപീകരിക്കുന്നതിന് തീരുമാനമെടുത്തിട്ടുണ്ട്. ഇതിനായി സഹ കരണ ആഡിറ്റ് മോണിറ്ററിംഗ് |

| | | | |
|---|---|---|---|
| | | | സിസ്റ്റം സി-ഡിറ്റ് മുഖേന സഹകരണ വകുപ്പിൽ നടപ്പിലാക്കുന്നതിനും ICDMS പ്രോജക്റ്റിൽ ഉൾപ്പെടുത്തി സമയബന്ധിതമായി പൂർത്തീകരിക്കുന്നതിനും ആവശ്യമായ ഉദ്യോഗസ്ഥരെ ഉൾപ്പെടുത്തി ഒരു സ്പെഷ്യൽ ഡെഡിക്കേറ്റഡ് ടീം രൂപീകരിച്ച് അടിയന്തിരമായി പ്രവൃത്തി പൂർത്തിയാക്കുന്നതിനും നടപടികൾ സ്വീകരിച്ചുവരുന്നു. ഓഡിറ്റ് സംവിധാനം കുറ്റമറ്റതായി നടപ്പിലാക്കാൻ ഓഡിറ്റിംഗിന്റെ എല്ലാ മേഖലകളും ഉൾപ്പെടുത്തി വിപുലമായി ഇ-പ്ലാറ്റ്ഫോം സംവിധാനം ഒരുക്കുന്നതാണ്. |
| (സി) | സോഫ്റ്റ്‌വെയറിലെ ന്യൂനതകൾ മുതലാക്കിയാണ് ക്രമക്കേട് നടത്തുന്നത് എന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ പ്രസ്തുത ന്യൂനത പരിഹരിക്കുന്നതിനായി സോഫ്റ്റ്‌വെയറുകൾ സെക്യൂരിറ്റി ഓഡിറ്റിന് വിധേയമാക്കാൻ നടപടി സ്വീകരിക്കുമോ? | (സി) | കരുവന്നൂർ സർവ്വീസ് സഹകരണ ബാങ്കിൽ സോഫ്റ്റ്‌വെയർ ഉപയോഗി ക്കുമ്പോൾ പാലിക്കേണ്ട അടിസ്ഥാന പരമായ മുൻകരുതലുകൾ സ്വീകരിച്ചിട്ടില്ല എന്നും, ഈ വിഷയത്തിൽ സഹകരണ സംഘം രജിസ്ട്രാർ നൽകിയിട്ടുള്ള സർക്കുലർ നിർദ്ദേശങ്ങൾ പാലിച്ചിട്ടില്ല എന്നും അന്വേഷണത്തിൽ കണ്ടെത്തിയിട്ടുണ്ട്. സഹകരണസംഘം രജിസ്ട്രാറുടെ 18.08.2020 ലെ 62/2020 സർക്കുലർ പ്രകാരം സംസ്ഥാനത്തെ സഹകരണ സംഘങ്ങൾ/ ബാങ്കുകൾ എന്നിവയിൽ ഉപയോഗത്തിലുള്ള എല്ലാ സോഫ്റ്റ് വെയറുകളും സെക്യൂരിറ്റി ആഡിറ്റിന് വിധേയമാക്കണമെന്ന നിർദ്ദേശം നൽകിയിരുന്നു. കരുവന്നൂർ ബാങ്കിൽ നടന്ന ക്രമക്കേടിന്റെ പശ്ചാത്തലത്തിൽ പ്രസ്തുത സർക്കുലർ നിർദ്ദേശം കർശനമായി പാലിക്കുന്നതിനും, സോഫ്റ്റ് വെയർ സംബന്ധിച്ച് ഭരണസമിതി അംഗങ്ങൾ, സംഘം ജീവനക്കാർ, വകുപ്പ് ഉദ്യോഗസ്ഥർ എന്നിവർക്ക് പരിശീലനം നൽകുന്നതിനും നിർദ്ദേശം നൽകുകയും, പരിശീലന പരിപാടികൾ എല്ലാ ജില്ലകളിലും സംഘടിപ്പിക്കുകയും ചെയ്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ